**ആർബിഐ.നമ്പർ.2006-2007/299**

ഡിബിഒഡി.ഡിഐആർ.ബിസി.70/13.01.01/2006-2007 മാർച്ച് 30, 2007

എല്ലാ വാണിജ്യബാങ്കുകൾക്കും (ആർആർബികൾ ഒഴികെ)

പ്രിയപെട്ട സർ,

**ചെക്കുകൾ ഏറ്റവും അടുത്ത രൂപയിലേക്ക് റൗണ്ട് ഓഫ് ചെയ്യൽ**

ദയവായി ഞങ്ങളുടെ 2006, ജൂലൈ 1- ാം തീയതിയിലെ നിക്ഷേപങ്ങൾക്ക് പലിശനിരക്കുകൾ എന്ന വിഷയത്തിലുള്ള മാസ്റ്റർ സർക്കുലർ ഡിബിഒഡി.ഡിഐആർ.ബിസി.6/13.03.00/2006-2007 ന്റെ 19- ാം ഖണ്ഡിക ശ്രദ്ധിക്കുക. ഇതിൽ നിക്ഷേപങ്ങളുടെ മേൽ നൽകുന്ന പലിശയും അഡ്വാൻസുകളുടെമേൽ നൽകുന്ന പലിശയും ഉൾപ്പെടെ എല്ലാ ഇടപാടുകളിലും ഏറ്റവും അടുത്ത രൂപയിലേക്ക് റൗണ്ട് ഓഫ് ചെയ്യണമെന്ന് ബാങ്കുകളോട് നിർദ്ദേശിക്കുന്നുണ്ട് അതായത് 50 പൈസയും അതിനുമുകളിലുള്ള ഭിന്നങ്ങളും അടുത്ത ഉയർന്ന മൂല്യമുള്ള രൂപയിലേക്ക് റൗണ്ട് ചെയ്യുകയും 50 പൈസയ്ക്ക് താഴെയുള്ള ഭിന്നങ്ങളെ അവഗണിക്കുകയും വേണം. എന്നാൽ കക്ഷികൾ ഇഷ്യു ചെയ്തിരിക്കുന്ന ചെക്കുകളിൽ രൂപയുടെ ഭിന്നങ്ങളുണ്ടെങ്കിൽ സ്വീകരിക്കാതിരിക്കുകയോ തള്ളിക്കളയുകയോ ചെയ്യരുതെന്ന് ബാങ്കുകൾക്കു നിർദ്ദേശം നൽകിയിരിക്കുന്നു.

2. ഈയടുത്ത് സർക്കാർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്ന രൂപയുടെ ഭിന്നമുള്ള ഡ്രാഫ്റ്റ് എടുക്കാൻ വിസമ്മതിച്ച ബാങ്കിനെതിരെ ഒരു കേസ് അഹമ്മദാബാദിലെ ഗുജറാത്ത് ഹൈക്കോടതിക്ക് നൽകപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ വളരെ ഗൗരവപൂർണ്ണമായ സമീപനം എടുത്തുകൊണ്ട് ഗുജറാത്ത് ഹൈക്കോടതി റിസർവ് ബാങ്കിനോട് നിയമസാധുവായ നടപടികൾ മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സ്വീകരിക്കാനും ആവശ്യമെങ്കിൽ ഇത്തരം ചെക്കുകൾ സ്വീകരിക്കരുതെന്ന് ആഭ്യന്തര സർക്കുലറുകൾ പുറപ്പെടുവിക്കുന്ന ബാങ്കുകൾക്ക് പുതിയ നോട്ടീസുകൾ അയക്കുവാനും രൂപയുടെ ഭിന്നമൂല്യമുള്ള ചെക്കുകൾ സ്വീകരിക്കാൻ വിസമ്മതിക്കുന്ന ആളുകൾക്കെതിരെ കർശനമായ നടപടിയെടുക്കുവാനും നിർദ്ദേശിക്കുന്നു. അതിനാൽ ബാങ്കുകളോട് ഉപഭോക്താക്കൾ ഇഷ്യു ചെയ്യുന്ന രൂപയുടെ ഭിന്നമൂല്യമുള്ള ചെക്കുകൾ സ്വീകരിക്കാതിരിക്കാനോ തള്ളിക്കളയാനോ പാടില്ല എന്നു പറയുന്നു. പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാവാതിരിക്കാനും ഈ നിർദ്ദേശങ്ങൾ എല്ലാ ബാങ്ക് ജീവനക്കാരും അറിഞ്ഞിരിക്കാനും വേണ്ടി ബാങ്കുകൾ അവർ തുടർന്നു വരുന്ന രീതി വിലയിരുത്തുകയും ആഭ്യന്തര സർക്കുലറുകൾ പുറപ്പെടുവിക്കുക തുടങ്ങിയ നടപടികളെടുക്കുകയും ആവാം. രൂപയുടെ ഭിന്നമൂല്യമുള്ള ചെക്കുകൾ എടുക്കുവാൻ വിസമ്മതിക്കുന്ന ജീവനക്കാർക്കെതിരെ അനുയോജ്യമായ നടപടികളെടുക്കാനും ബാങ്ക് തയ്യാറാകണം.

3. മേൽപറഞ്ഞ നിർദ്ദേശങ്ങൾ കൈകൊള്ളാത്ത ബാങ്ക് ബാങ്കിങ്ങ് റെഗുലേഷൻ ആക്ട്, 1949 പ്രകാരം കുറ്റം ചുമത്തപ്പെടാൻ അർഹമാണെന്നത് ശ്രദ്ധിക്കുക.

വിശ്വസ്തതയോടെ

(പി.വിജയഭാസ്ക്കർ)

ചീഫ് ജനറൽ മാനേജർ